# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 122 — 11.02.2013- ലെ മറുപടിക്ക്

## വിഷൻ 2020 പദ്ധതിയുടെ വിലയിരുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>„ സണ്ണി ജോസഫ്:<br>„ പാലോട് രവി:<br>„ ആർ. സെൽവരാജ്: | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | വിഷൻ 2020 പദ്ധതിയുടെ പുരോഗതി പ്ലാനിംഗ് ബോർഡ് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന പരിപ്രേക്ഷ്യപദ്ധതി 2020 അല്ല, വിഷൻ 2030 ആണ്. പരിപ്രേക്ഷ്യ പദ്ധതി 2030 തയ്യാറാക്കുന്ന പുരോഗതി സംസ്ഥാന ആസൂത്രണ ബോർഡ് തുടർച്ചയായി വിലയിരുത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | വിവിധ വികസന മേഖലകളിൽ ദീർഘ വീക്ഷണ പദ്ധതികൾ യാഥാർത്ഥ്യബോധത്തോടെ മുൻകൂട്ടി തയ്യാറാക്കി യഥാസമയം നടപ്പാക്കുകയും അതിലൂടെ കേരളത്തിന്റെ സമഗ്രവികസനം സാധ്യമാക്കുകയുമാണ് വിഷൻ 2030 ന്റെ ലക്ഷ്യം. |
| (സി) | വിലയിരുത്തലുകളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ; | (സി) | 1. പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റുകൾ തയ്യാറാക്കി.<br>2. പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ അടിസ്ഥാന വിവരങ്ങളും ഓരോ മേഖലയിലും 2030 ൽ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളെ സംബന്ധിക്കുന്ന പ്രാഥമിക നിർദ്ദേശങ്ങളും ബന്ധപ്പെട്ട വികസന വകുപ്പുകൾ തയ്യാറാക്കുകയുണ്ടായി. |

3. പദ്ധതി തയ്യാറാക്കുന്നതിനുള്ള രീതിശാസ്ത്രം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിദഗ്ദ്ധരേയും പങ്കെടുപ്പിച്ചുകൊണ്ട് 2012 ആഗസ്റ്റ് 3 ന് തിരുവനന്തപുരത്തു വച്ച് ഒരു ശില്പശാല ചേരുകയുണ്ടായി. ശില്പശാലയിലെ നിർദ്ദേശങ്ങളുടേയും തുടർന്ന് വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടേയും അടിസ്ഥാനത്തിൽ രീതിശാസ്ത്രം അന്തിമമാക്കി.

4. പരിപ്രേക്ഷ്യ പദ്ധതിയുടെ പ്രാഥമിക കരട് തയ്യാറാക്കുകയുണ്ടായി. അവ സമ്പുഷ്ടമാക്കുന്നതിനായി 2013 ഫെബ്രുവരി രണ്ടാം വാരം തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽവെച്ച് ഒരു ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇതിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | താഴെ പറയുന്ന തുടർ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.<br>1. കരട് പദ്ധതി സംബന്ധിച്ച് ആസൂത്രണ ബോർഡ് തലത്തിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുക.<br>2. പൊതു ജനങ്ങളിൽ നിന്നും വിദഗ്ദ്ധരിൽ നിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുക.(കരട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തെ സമയം നൽകുന്നതാണ്).<br>3. എല്ലാവിഭാഗം സ്റ്റേക്ക്ഹോൾഡർമാർ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്യുക.<br>4. ചർച്ചകളിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതിക്ക് അന്തിമ രൂപം നൽകുക.<br>5. ആസൂത്രണ ബോർഡിന്റെ സമ്പൂർണ്ണ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയതിനുശേഷം പ്രസിദ്ധീകരിക്കുക. |

**സെക്ഷൻഓഫീസർ.**